പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3980 15.3.2017 -ൽ മറുപടിയ്ക്ക്

## ബി.ആർ.ഡി.സി.യുടെ അധീനതയിലുള്ള സ്ഥാപനങ്ങൾ

| ചോദ്യം<br>ശ്രീ.എം. രാജഗോപാലൻ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ,<br>( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി). | |
|---|---|---|---|
| എ) | കാസർഗോഡ് ജില്ലയിലെ ബേക്കൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന ബി.ആർ.ഡി.സി.യുടെ അധീനതയിൽ ഉള്ള സ്ഥാപനങ്ങളിൽ ഏതൊക്കെയാണ് വാടക /ലീസിനായി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) | കാസർഗോഡ് ജില്ലയിലെ ബേക്കൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന ബി.ആർ.ഡി.സി.യുടെ അധീനതയിലുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ ലീസിനായി നൽകിയിട്ടുണ്ട്.<br>1) ആയിറ്റി ടെർമിനൽ<br>2) ഇടയിലക്കാട് അമിനിറ്റി സെന്റർ<br>3) ബേക്കൽ ബീച്ച് പാർക്ക്<br>4) കോട്ടപ്പുറം ഹൗസ് ബോട്ട് സെന്റർ<br>5) ബേക്കൽ ഫോർട്ട് പാർക്കിംഗ് ബേ<br>6) തൃക്കണാട് അമിനിറ്റി സെന്റർ |
| ബി) | ഈ സ്ഥാപനങ്ങളുടെ പ്രതിമാസ വാടക എത്രയെന്നും ഈ സ്ഥാപനങ്ങൾ വാടക/ലീസിന് ആർക്കൊക്കെയാണ് നൽകിയതെന്നും വ്യക്തമാക്കാമോ? | ബി) | 1. ആയിറ്റി ടെർമിനൽ പ്രതിമാസം 8,500/- രൂപയ്ക്കും ഇടയിലക്കാട് അമിനിറ്റി സെന്റർ പ്രതിമാസം 1,500/- രൂപയ്ക്കും വലിയപറമ്പ കായൽ ടൂറിസം വികസന സമിതിക്ക് ലീസിന് നൽകിയിരിക്കുകയാണ്.<br>2. ബേക്കൽ ബീച്ച് പാർക്ക് പ്രതിമാസം 1,60,500/- രൂപയ്ക്ക് പള്ളിക്കര സഹകരണ ബാങ്കിന് ലീസിന് നൽകിയിരിക്കുകയാണ്.<br>3. കോട്ടപ്പുറം ഹൗസ് ബോട്ട് സെന്റർ പ്രതിമാസം 16,500/- രൂപയ്ക്ക് ശ്രീ.മുഹമ്മദ് അനസിന് ലീസിന് നൽകിയിരിക്കുകയാണ്.<br>4. ബേക്കൽ ഫോർട്ട് പാർക്കിംഗ് ബേ പ്രതിമാസം 30,416/- രൂപയ്ക്ക് ശ്രീ.അബ്ദുൾ സനാഫിന് ലീസിന് നൽകിയിരിക്കുകയാണ്.<br>5. തൃക്കണ്ണാട് അമിനിറ്റി സെന്റർ പ്രതിമാസം 4,100/- രൂപയ്ക്ക് ശ്രീ.ഷറഫുദീന് ലീസിന് നൽകിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ